# MESSAGE OF THE KHALIFATHULLAH HAZRAT MUNIR AHMAD AZIM (ATBA)

## TO THE JAMAAT-UL-SAHIH-AL-ISLAM KERALA

**THE MESSAGE IS DELIVERED ON 18-01-2017 AT NOORUL ISLAM MASJID, MATHRA, KERALA, INDIA**

**(ഖലീഫത്തുല്ലാഹ് ഹസ്രത് മുനീർ അഹ്മദ് അസീം അവർകളുടെ ഇൻഡ്യാസന്ദർശനവേളയിൽ കേരളത്തിലെ കൊല്ലം ജില്ലയിലെ മാത്ര നൂറുൽ ഇസ്ലാം മസ്ജിദിൽ വച്ച് 18-01-2017 ൽ നല്കിയ സന്ദേശം**

ഇന്നിവിടെ ഹാജരായിരിക്കുന്ന എന്റെ ഏറ്റവും പ്രിയപ്പെട്ട അനുചരന്മാരെ,

**അസ്സലാമു അലൈക്കും**
**വറഹ്മത്തുല്ലാഹിവബർക്കാത്തുഹു**

അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ഇവിടെ കേരളത്തിൽ നിങ്ങളെ അഭിസംബോധന ചെയ്യുവാനും നിങ്ങളുടെ അടുത്തുവരുവാനും നിർദ്ദേശം നല്കിയതിലൂടെ അല്ലാഹു (ത) നിങ്ങളോട് കൃപ കാണിച്ചിരിക്കുന്നു. നിങ്ങളുടെ കാലഘട്ടത്തിൽ ഈ വീനിതൻ ആഗതനായതിലൂടെ അല്ലാഹു (ത) നിങ്ങളുടെ മേൽ വളരെ വലിയ അനുഗ്രഹമാണ് ചെയ്തിരിക്കുന്നത്. ഇന്ന് നിങ്ങളോടൊപ്പം കഴിയുവാനും മുഖാമുഖം സംസാരിക്കുവാനും കഴിയുന്ന ഈ ദിനം സത്യത്തിൽ വളരെ സന്തോഷം പ്രദാനം ചെയ്യുന്നതാണ്.

ഈ ദിനങ്ങളിൽ സ്വർഗ്ഗത്തിൽ നിന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇറങ്ങുന്നതാണ്, ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുന്നതാണ്, നാടുകടത്തപ്പെട്ട ഈമാനെ മടക്കികൊണ്ടു വരുന്നതാണ്. ദൈവീക ശാസ്ത്രങ്ങളുടെ ഖനിയിൽ നിന്നും വ്യാപകമായ നിലയിൽ വിതരണം ചെയ്യപ്പെടുന്നതിനായി വിലപിടിപ്പുള്ള മുത്തുകൾ, പുറത്ത് എടുക്കപ്പെടുന്നതാണ്. ഈ സമയം അവിശ്വാസകൾ ഭയവിഹ്വലരായി തീരുന്നതാണ്. വിശ്വാസികളുടെ നയനങ്ങളിൽ നിന്നും

സന്തോഷകണ്ണീർ പൊഴിയുന്നതാണ്. നിദ്രയിലാണ്ട വരെ വിളിച്ചുണർത്തുന്ന സമയമാണിത്. അതിലൂടെ അവർക്ക് ആത്മീയ സന്തോഷവും അനുഗ്രഹവും ലഭ്യമാകുന്നതാണ്. ഇത് സ്വീകരണത്തിന്റെയും തിരസ്ക്കരണത്തിന്റെയും സമയമാണ്. ഈ ദൈവീകാനുഗ്രഹത്തെ സ്വീകരിച്ചവരുടെമുഖം സന്തോഷഭരിതങ്ങളാകുന്നതാണ്. ഈ ദൈവീക ദൃഷ്ടാന്തത്തെ തിരസ്ക്കരിച്ചവരുടെമുഖങ്ങൾ ഇരുണ്ടതും ദുഃഖപൂർണ്ണവുമാകുന്നതാണ്. അവരുടെ നാശമെ ! അവർക്ക് നഷ്ടമാകുന്ന് എന്താണന്ന് അവർ അറിഞ്ഞിരുന്നുവെങ്കിൽ ?

യഥാർത്ഥ ദൂതനെ അംഗീകരിക്കുന്നവർ, സത്യത്തിൽ പരിശുദ്ധ പ്രവാചകൻ (സ) ഒരിക്കൽകൂടി അംഗീകരിക്കുകയാണ് ചെയ്യുന്നത്. അവന്റെ അന്വേഷണത്തിലെ ലക്ഷ്യത്തിലെത്തിചേരുകയാണ് ചെയ്യുന്നത്. എന്നാൽ ആരാണോ (യഥാർത്ഥ പ്രവാചകന്) എതിരിൽ തിരിയുന്നത് അവർ പ്രവാചകനെ അവിശ്വസിച്ചിരിക്കുന്നു. അവർ സത്യത്തിൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ യാണ് നിരാകരിക്കുന്നത്. അതിലൂടെ എന്താണ് അവർക്ക് സംഭവിക്കുന്നത് എന്ന കാര്യത്തിൽ ഒരു വിഷമവുമില്ലാതെ ! ഇത് എന്റെ വാക്കുകളല്ല മറിച്ച് ഇത് അല്ലാഹുവിന്റെ ശക്തമായ പ്രസ്താവനയാണ്. ദൂതനെ സ്വീകരിച്ച ശേഷം ആരാണ് യഥാർത്ഥത്തിൽ നേർമാർഗത്തിൽ ചരിക്കുന്നത്, ഹൃദയപരിവർത്തനത്തിലൂടെ യഥാർത്ഥ സത്യതയും, യഥാർത്ഥ ഭക്തിയും പുലർത്തുന്നത് ആരൊക്കയാണ് എന്നതിനുള്ള ഒരു പരീക്ഷണമാണ് എന്റെ ആഗമനം. തീർച്ചയായും സ്വാതികർ മാത്രമേ എന്റെ സത്യത തിരിച്ചറിയുകയുള്ളു. രാജ്യത്തിലെ ഭൂരിഭാഗം പണ്ഡിതന്മാരുടെയും ഹൃദയങ്ങൾ അത് കേരളത്തിലായാലും ശരി, അന്താരാഷ്ട്രതലത്തിലായാലും ശരി മരണപ്പെട്ടിരിക്കുകയാണ്. അല്ലാഹു (ത) അവരുടെ പ്രകാശത്തെയും അവരുടെ ആത്മീയ ഗ്രഹണപാഠത്തെയും അവരിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു. അവർ എന്നെ മതനിന്ദയുടെ പേരിൽ കുറ്റം ആരോപിക്കുന്നു. അവർ ആരെയാണ് കുറ്റപ്പെടുത്തുന്നത് എന്നവർ അറിയുന്നില്ല. സത്യത്തെ

കാണാതിരിക്കുവാനും സത്യത്തെ സ്വീകരിക്കാതിരിക്കുവാനുമായി അവർ അവരുടെ മുഖംതിരിക്കുന്നു. അവർ ദൈവീകമായ അടയാളങ്ങൾ കാണുന്നു. എന്നാൽ അവർ മാർഗ്ഗദർശനം സ്വീകരിക്കുവാൻ തയ്യാറാകുന്നില്ല. അവർ എന്നെ ബുദ്ധിമുട്ടിക്കുന്നു. അവർ എന്നെ ഇല്ലായ്മ ചെയ്യുവാൻ പരിശ്രമിക്കുന്നു. എന്നെ നശിപ്പിക്കുവാൻ അവർ പദ്ധതികൾ തയ്യാറാക്കുന്നു. അവർ നിങ്ങളെ എന്റെ അനുചരന്മാരെയും എന്നെ തന്നെയും പരിഹസിക്കുന്നു. ഇരട്ടപ്പേരുകൾ വിളിക്കുന്നു. എന്നാൽ അധികം താമസിയാതെ അവർ എങ്ങോട്ടാണ് പോകുന്നതെന്ന് ഈ ദുർവൃത്തർ അറിയും. എന്റെ പ്രിയ അനുചരന്മാരെ നിങ്ങൾ അറിയുക അനേകം വർഷങ്ങളായി എനിക്ക് വെളിപാടുകൾ ലഭിച്ചു കൊണ്ടിരിക്കുന്നു. എന്നോട് അല്ലാഹു (ത) നിർദ്ദേശിച്ചിരിക്കുന്നു. ദീനിലുണ്ടായിരിക്കുന്ന ബിദ്അത്തുകളെ അപലപിക്കുക, അനീതിയെ എതിർക്കുക, ശിർക്കിനെതിരിൽ ശബ്ദം ഉയർത്തുക, അക്രമതമത്തിനെതിരിൽ നിലകൊള്ളുക, ഗൂഢാലോചനയ്ക്കെതിരിൽ നിലപാടെടുക്കുക തുടങ്ങിയവ അവിശ്വാസികൾക്ക് ഒരവസരവും നല്കാത്ത നിലയിൽ, അവർക്ക് ഖണ്ഡിക്കാൻ പറ്റാത്ത തെളിവുകൾ നിരത്തി അവരുടെ അന്യായങ്ങളെ / അതിക്രമങ്ങളെ ഖണ്ഡിക്കുക.

കഴിഞ്ഞ ദീർഘവർഷങ്ങളിലൂടെ അവർ ഏർപ്പെടുത്തിയ സാമൂഹ്യബഹിഷ്ക്കരണത്തിലൂടെയും പീഡനങ്ങളിലൂടെയും, ദൈവം താൻ തന്നെ നമുക്ക് ധൈര്യം പകർന്നു തന്നിരിക്കുന്നു. വിശ്വാസം ഊട്ടിഉറപ്പിച്ചിരിക്കുന്നു. ശുഭാപ്തി വിശ്വാസം അരക്കിട്ടുറപ്പിച്ചിരിക്കുന്നു. മററുള്ളവർ ഏല്പിക്കുന്ന ആഘാതത്തെ പ്രതിരോധിക്കുവാൻ, നമ്മുടെ അല്ലാഹു ചെവികേൾക്കാത്തവനോ കണ്ണുകാണാൻ കഴിയാത്തവനോ അല്ല. നമ്മെ എതിർക്കുന്നവരിൽ നിന്നും എന്നെയും എന്റെ നിഷ്ക്കളങ്ക അനുചരന്മാരെയും, അവൻ വാഗ്ദാനം ചെയ്തതുപോലെ, അവൻ തന്നെ സംരക്ഷിക്കുകന്നതാണ്. നമുക്കെതിരിൽ പദ്ധതികൾ തയ്യാറാക്കിയവരെ, തീർച്ചയായും അല്ലാഹു താൻ തന്നെ നേരിട്ടു അവൻ എന്നെയും എന്റെ കുടുംബാംഗങ്ങളെയും,

അനുചരന്മാരെയും സഹായിച്ചിട്ടിണ്ട്. കുടുംബവൃത്തത്തിൽ നിന്നും, ഈ ദൈവീക ദൃഷ്ടാന്തത്തിന്റെ ആരംഭത്തിൽ അവർ നമ്മെ പുറത്താക്കി, സാമൂഹ്യമായും മതപരവുമായ വൃത്തത്തിൽ നിന്നും ! (അവർ നമ്മെ പുറത്താക്കി) തീർച്ചയായും അല്ലാഹുവിന്റെ നീതി അവൻ പ്രകടമാക്കുവോളം നമ്മിലൂടെ കാണപ്പെടുക തന്നെ ചെയ്യും. അവന്റെ പ്രീയ ദൂതൻ, അവന്റെ ഖലിഫത്തുല്ലാഹ്യെ എതിർക്കുന്നവരെ, നിസ്സംശയം അല്ലാഹുവിന്റെ നീതി അവരെ പിടികൂടുന്നതാണ്. ഈ ദൈവീക പ്രതിഭാസം അതിന്റെ പ്രവർത്തനം തുടങ്ങികഴിഞ്ഞു. എല്ലാ പദ്ധതികളും വെള്ളത്തിൽ ഒഴുകി പോകുന്നതാണ്. അതെല്ലാം അവർക്കെതിരിൽ തിരിയുന്നതുമാണ്. കഴിഞ്ഞകാലങ്ങളിൽ ഇത് ഞാൻ പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. എന്റെ അനുചരന്മാരും അതറിഞ്ഞിട്ടുണ്ട്. ലോകം വീണ്ടും വീണ്ടും കാണാൻ ഇരിക്കുന്നു. അവൻ തെരഞ്ഞെടുത്ത ഖലീഫത്തുല്ലാഹ്യ്ക്കു വേണ്ടി നീതി എങ്ങനെയാണ് അല്ലാഹു നടപ്പിലാക്കുന്നതെന്ന് !

ഈ കാലം ദൈവത്തിന്റെ വിനീത സേവകന്റെ ആഗമകാലമാകുന്നു. ദൈവത്തിന്റെ വചനം വിശ്വസ്തതയോടെയും സത്യസന്ധമായും പുലർന്നിരിക്കുന്നു. ഇസ്ലാമിന്റെ പ്രകാശം ഇപ്പോൾ മങ്ങിയിരിക്കുകയാണ്. അതുകൊണ്ട് കരുണാവാരിധിയായ ദൈവം എന്നെ അതിന്റെ യഥാസമയത്ത് നിയോഗിച്ച് തുടർച്ചയായ വെളിപാടുകളാൽ എനിക്ക് ആത്മീയജ്ഞാന വർദ്ധനവ് തുടർച്ചയായി നല്കിക്കൊണ്ടിരിക്കുന്നത്. എന്റെ വിശ്വാസം ശക്തിപ്പെടുത്തുന്നതിനായി പ്രവാചകത്വ ദർശനങ്ങളും അമാനുഷിക ദൃഷ്ടന്താങ്ങളും അവൻ എനിക്ക് നല്കിയിരിക്കുന്നത്. മങ്ങിയ പ്രകാശത്തിൽ എനിക്ക് വസിക്കുവാൻ കഴിഞ്ഞില്ല. പരിപൂർണ്ണ വ്യക്തതയില്ലാത്ത ജലാശയ ഉറവിടത്തിൽ നിന്നും, ഞാൻ വളരെ മുന്നോട്ടു പോയിരിക്കുന്നു. ആയതിനാൽ, എന്നെ തൃപ്തിപ്പെടുത്തുവാനായി അല്ലാഹു (ത) എനിക്ക് വെളിപാടുകളിൽ വർദ്ധനവ് നല്കി. അങ്ങനെ ഞാൻ പൂർണ്ണതൃപ്തനായി, എന്റെ വഴി സുവ്യക്തമാവുകയും ചെയ്തു.

വ്യക്തമായ ദൃഷ്ടാന്തങ്ങളും വിവിധങ്ങളായ പദവികളും എനിക്കവൻ പ്രദാനം ചെയ്തു. സമ്പൂർണണ തൃപ്തിയോടെ, പാന പാത്രം നിറച്ച് ആവോളം കുടിക്കുവാൻ കഴിഞ്ഞു. എന്റെ എല്ലാ സംശയങ്ങളും തീർന്നു. ദൈവം എന്റെ ഹൃദയം പ്രകാശപൂരിതമാക്കി, അവന്റെ ശക്തിമത്തായ പ്രകാശനത്തിൽ ! ഇവിടെ

കേരളത്തിലെ എന്റെ സന്ദർശനത്തിലൂടെ, അവൻ എനിക്ക് അനേകം ദൃഷ്ടാന്തങ്ങൾ കാണിക്കുകയുണ്ടായി. കാരണം ഇത് അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്, അവൻ ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നു. എല്ലാ കാര്യങ്ങളുടെ മേലും അവന് മാത്രമാണ് അധികാരമുള്ളത്. അവൻ ഇഷ്ടപ്പെടുന്നവർക്ക് അവൻ അവന്റെ അനുഗ്രഹം പ്രദാനം ചെയ്യുന്നു. ഈ രീതിയിൽ എന്തുകൊണ്ട് ചെയ്തു ? മറ്റൊരു രീതിയിൽ എന്തുകൊണ്ട് ചെയ്തില്ല ? എന്നു ചോദിക്കുവാൻ ഒരാൾക്കും സാദ്ധ്യമല്ല. ആകാശങ്ങളുടെയും ഭൂമിയുടെയും പരമാവധികാരി അവൻ മാത്രമാണ്.

നിങ്ങൾ ഒരോരുത്തരെയും അല്ലാഹു (ത)അനുഗ്രഹിക്കട്ടെ ! അവന്റെ സാന്നിദ്ധ്യത്താൽ നിങ്ങളുടെ ദിനരാത്രങ്ങൾ പ്രകാശഭരിതമാകട്ടെ ! ഓർക്കുക, അല്ലാഹു (ത) തെരഞ്ഞെടുത്ത ഒരാളിന്റെ ആഗമനത്തോടെ, സംശുദ്ധഹൃദയങ്ങളിൽ ഈ പ്രകാശം പതിക്കുന്നതാണ്. അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽപെട്ടതാണ്. അത്തരത്തിലുള്ളവർ അല്ലാഹുമായി അത്ഭുതകരമായ ഒരു ബന്ധം സ്ഥാപിതമാകുന്നതാണ്. അവരുടെ ഹൃദയങ്ങളിൽ ദൃഢത ഉണ്ടായിതീരുന്നു. അല്ലാഹുവിന്റെയും അവന്റെ പ്രവാചകൻ (സ) യുടെയും വാക്കുകൾ സത്യമായി പുലർന്നിരിക്കുന്നു എന്ന ചിന്ത അവരിൽ അല്ലാഹുമായുള്ള ബന്ധം പല നിലയിലും ശക്തിമത്തായി തീരുന്നു. ആയതിനാൽ അല്ലാഹു (ത) റൂഹുൽ ഖുദ്സിന്റെ അനുഗ്രഹം നിങ്ങളിൽ ചൊരിയട്ടെ, അവന്റെ ദൃഷ്ടാന്തങ്ങൾ വീണ്ടും വീണ്ടും അവന്റെ ഖലീഫത്തുല്ലാഹ്യുടെ സത്യതയ്ക്കായി ഇറക്കട്ടെ ! ഈ വിനീതൻ ഒരു വിളക്ക് പോലെയാണ്, ഒരു വിളക്ക് മറ്റൊരു വിളക്കിനെ കത്തിക്കുന്നു. നിങ്ങൾ ഞാനുമായുള്ള ബന്ധത്തിലൂടെ ഇൻഡ്യമുഴുവൻ പ്രകാശവിളക്കുകൾ കത്തിക്കുക, അതിലൂടെ അത് മുഴുലോകത്തും പരക്കട്ടെ ! ഇൻശാ അല്ലഹാ ! ആമീൻ !

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**